# ജി വി എച്ച് എസ് എസ്  ബാലുശ്ശേരി



## മകരം





# പട്ടം

ആകാശത്ത് നൂലില്ലാതെ
അലയുന്ന പട്ടത്തിന്
അച്ചടക്കത്തിന്റെ നൂൽകെട്ടി
ഞാൻ പറത്തി
ഈ നൂൽ ഞാൻ പൊട്ടിക്കുമെന്ന്
ചെറു പുഞ്ചിരിയോടെ പറഞ്ഞപ്പോൾ
കാലം മാറിയത് ഞാൻ അറിഞ്ഞു
ഇനിയും ബന്ധിക്കാനാവുമോ എന്ന ചോദ്യത്തിന്
അറിവിന്റെ പുതിയ അഗ്നി
നിന്നിലേക്ക് പ്രവഹിപ്പിച്ച്
ആകാശത്തിന്റെ പുതിയസീമകളെ ലംഘിച്ച്
നിനക്ക് പറക്കാം
ഞാൻ പുതിയ പട്ടം
പുസ്തകത്തിൽനിന്ന് വിരൽത്തുമ്പിലേക്കും
കോഡിൽനിന്ന് ഡി കോഡിലേക്കും
നിനക്ക് സഞ്ചരിക്കാം
നിന്റെ കളികൾക്ക് പഴയ ഭാഷയല്ല
നി ലോകത്തോളം വളരുന്നു
ലോകം നിന്നിലേക്കും

അഖിലേഷ് ബാലുശ്ശേരി



# നിഴൽ

ജോയ് നെടിയാലിമ്മോളേൽ



**നി**ഴൽ മാത്രമെന്നുമെൻ സന്തതസഹചാരി
നിഴലാണെന്നുമെൻ കളിത്തോഴനും...!
എവിടെയെന്നാകിലും ഒരുമിച്ചുകൂടെയുണ്ട-
വനെന്നെന്നും വിട്ടുപിരിയാത്ത ചങ്ങാതി....!

അന്തിച്ചുവന്നൊരാം വാനത്തിൻ-
നിഴല്പരക്കുന്നോരു കിന്നരി-
പ്പുഴയോരത്താരോയിരിക്കുന്നു-
ചുണ്ടിൽ വിഷാദത്തിൻ മൂളിപ്പാട്ടുമായ്....!!
ഒരുമൗനമായ്...നിർന്നിമേഷമായ് -
അരുകിലാനിഴലും വിഷാദമായ് കൂട്ടിനായ്...!!

**കല്ലോനി നിന്റെ** വിരിമാനത്തഴലിന്റെ-
നിഴലുമായ് കാത്തിരിക്കുന്നുവോ
പ്രിയനവൻ...!
വേറിട്ടുപോയൊരാ ആത്മാവിന്നെങ്ങുമാ-
ഊഷര ഭൂവിലിന്നലയുന്നുവോ...?!

എവിടെത്തുടങ്ങിയൊരപ്രയാണത്തിന്റെ-
അന്ത്യമീ വേതാളഭൂമിതന്നെ....!
അവിടെ നിന്നവസ്സാന വിശ്രമവേളയിൽ-
നിഴൽ മാത്രമൊ നിൻ കൂടെയുള്ളു....?!.

***

# അകലം

ഞാൻ വിചാരിച്ചു
നീയൊരു കല്ലെടുത്ത് വെക്കുകയാണെന്ന്
അതിരു മാറാതിരിക്കാൻ
ഞാൻ വിചാരിച്ചു
നീ ഒരു മുള്ള് എടുത്തു വെക്കുകയാണെന്ന്
കോഴി ചികയാതിരിക്കാൻ

ഞാൻ വിചാരിച്ചു
നീ ഒരു കമ്പൊടിച്ചു കുത്തുകാണെന്ന്
പൂച്ച കയറാതിരിക്കാൻ
ഞാൻ വിചാരിച്ചു
നീയോരു വേലി ചാരുകയാണെന്ന്
കാലി മേയാതിരിക്കാൻ
ഞാൻ അറിഞ്ഞില്ല
അതൊരു മതിലായി മാറിയെന്ന്
നമ്മൾക്കിടയിലൂടെ...........
ഞാൻ അറിഞ്ഞില്ല
അകലങ്ങൾ അടയാളമാകുമെന്ന്........

സിന്ധു എം

# മുഖം

എത്ര തവണ ഞാനെന്റെ മുഖം കണ്ടിരിക്കുന്നു.
അറിയില്ല
എന്നിട്ടുംഎനിക്കെന്റെ മുഖം അറിയില്ലല്ലോ
അച്ഛനമ്മമാരോടോപ്പം
കുഞ്ഞു നാളിൽ ബ്ലാക്ക്&വൈറ്റ് ഫോട്ടോയിൽ പതിഞ്ഞ എന്റെ മുഖം
എനിക്കറിയാം
പിന്നീടേപ്പോഴാണ്
എനിക്കാമുഖം
നഷ്ടപ്പെട്ടത്?